**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **28-06-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെന്റ് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധി സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശമാണ് നല്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇത് 32,439 കോടി രൂപയാണ്. ഇതിനു പുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; ഇപ്രകാരം എന്ത് തുക കൂടി അധിക വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സമീപിച്ചിരുന്നു. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ, 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താല്ക്കാലിക അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപ വായ്പ എടുക്കേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് |

| | | | |
|---|---|---|---|
| | | | എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശമാണ് നല്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇത് 32,439 കോടി രൂപയാണ്. ഇതിനു പുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | 2022 ജൂൺ മാസത്തോടെ ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്ന കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെ കേരളം ഗുരുതര പ്രതിസന്ധിയിൽ എത്തിച്ചേർന്നിരിക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഏത് രീതിയിൽ മറികടക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ